Best Compliments From

Prasanthi

**PUBLIC SCHOOL**

**KONNI-PATHANAMTHITTA**

Phone 0468 3205104

**Admission Started**

**LKG, UKG, I, II, III, IV**

REPUBLICAN EDUCATIONAL CHARITABLE TRUST





# മഷി

പ്രിന്റഡ് മാഗസിൻ

പ്രസിദ്ധീകരണം
Class : X F
2008-2009

റിപ്പബ്ലിക്കൻ വൊക്കേഷണൽ
ഹയർ സെക്കണ്ടറി സ്കൂൾ കോന്നി

## പദപ്രശ്നം



**വലത്തോട്ട്**

2. ഈ പൂവിൽ നിന്ന് വിലകൂടിയ സുഗന്ധ തൈലം നിർമ്മിക്കുന്നുണ്ട്.
3. സിനിമയിലും നാടകത്തിലും മുഖ്യ സ്ത്രീ കഥാപാത്രം അവതരിപ്പിക്കുന്നവരെ അറിയപ്പെടുന്ന പേര്
4. ത്രിപുരയുടെ തലസ്ഥാനം
5. ക്രിസ്തുമസ് നാളുകളിൽ കുട്ടികൾക്ക് സമ്മാനവുമായി വരുന്ന വയോധികൻ
7. ചെറുവടികൾ കൊണ്ട് താളം പിടിച്ചും പാട്ടു പാടിയും നൃത്തം ചെയ്തും വട്ടം ചുറ്റിയുമാണ് ഈ കലാരൂപം കളിക്കുന്നത്.
8. ഹിമാചൽ പ്രദേശിന്റെ തലസ്ഥാനം
9. ഗുരുനാനാക്ക് സ്ഥാപിച്ച മതം?
10. ഇതു കേൾക്കാൻ നമുക്കെല്ലാവർക്കും ഇഷ്ടമാണ്.

**താഴോട്ട്**

1. ജില്ലയിലെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരുടെ തലവൻ.
5. സുവർണ്ണ വാതലിന്റെ നഗരം
6. എഡിൻബറോ ഏതിന്റെ തലസ്ഥാന നഗരിയാണ്.
9. സത്യജിത്ത് റേ ഏതു മേഖലയിലാണ് പ്രശസ്തി ആർജിച്ചത്?

ബിനാസ്, അഖിൽ ദേവ്
ക്ലാസ്സ് 10 -എഫ്






**പ്രിന്റഡ് മാഗസിൻ**

പുസ്തകം 1, ലക്കം 5



**എഡിറ്റർ**
ബിനാസ് ബി.

**നിർവ്വഹണ സമിതി**
അഖിൽദേവ്
ശ്യാംലാൽ
ജിബിൻ പൊന്നച്ചൻ
മിഥുൻ.എ.
അമൃത.എ.
ആവണി.പി.

**ഉപദേശക സമിതി**
കെ.രാജേശ്വരിയമ്മ
(പ്രിൻസിപ്പാൾ)
ശശികലാ.വി.നായർ
(ക്ലാസ് ടീച്ചർ)
എസ്. സന്തോഷ്കുമാർ
ആർ. ശ്രീകുമാർ
ബീന വി.ജി.

**പ്രസിദ്ധീകരണം 10 എഫ് 2008-09**

# റിപ്പബ്ലിക്കൻ
## വൊക്കേഷണൽ ഹയർ സെക്കണ്ടറിസ്കൂൾ
### കോന്നി

**ഒരു വാക്ക്**

മഹാ‘ഭാരതം’ പരമാധികാര
ജനാധിപത്യത്തിന്റെ പൊൻപ്രഭയിൽ
വിളങ്ങുന്ന ജനുവരി 26
ജനാധിപത്യത്തിന്റെ സുവർണ്ണനാമം
പേറുന്ന നമ്മുടെ വിദ്യാലയത്തിന്റെ
പിറന്നാൾ ദിനത്തിൽ
‘മഷി’ വീണ്ടും നിങ്ങളുടെ കൈകളിലേക്ക്
കഴിഞ്ഞ മൂന്നു വർഷങ്ങളായി
ഞങ്ങൾക്ക് താങ്ങായി നിങ്ങളുയർത്തിയ
കരങ്ങളെ വിശ്വസിച്ചു കൊണ്ട്
ഞങ്ങൾക്ക് പിമ്പേ നടക്കുന്ന
കൊച്ചുകൂട്ടുകാരുടെ സൃഷ്ടികളെ
ഉൾച്ചേർത്തുകൊണ്ടാണ് ‘മഷി’
പുതിയ രൂപത്തിൽ എത്തുന്നത്.
സ്വീകരിച്ചാലും........

എഡിറ്റർ

**സമർപ്പണം**

കിരാതമായ
നരവേട്ടകളിൽ
അധികാരത്തിന്റെ ബലികളിൽ.....
യുദ്ധതന്ത്രത്തിന്റെ ഉൻമാദങ്ങളിൽ
കാലത്തിന്റെ പടക്കളങ്ങളിൽ
തങ്ങളുടേതല്ലാത്ത പിഴയിൽ
അറിയാതെ പൊലിഞ്ഞു പോകുന്ന
ശൈശവങ്ങൾക്കായി......





അകാലത്തിൽ ഞങ്ങളെ വേർപിരിഞ്ഞ

സഹപാഠി രേഷ്മ ശ്രീകുമാറിന്

## ആദരാഞ്ജലികൾ

## ഒരാൾമാത്രം

വീരവർമൻ എന്ന രാജാവിന് തന്റെ കൊട്ടാരവാസികളിൽ സത്യസന്ധരായവരെ കണ്ടെത്തണം എന്നു തോന്നി. ഒരു ദിവസം അദ്ദേഹം കൊട്ടാരത്തിലെ അന്തേവാസികളെയെല്ലാം ഒരു മുറിയിലാക്കി വാതിലടച്ചു. മുറിയിലതാ ഒരു ചാക്കു നിറയെ രത്നങ്ങൾ! പെട്ടന്ന് മുറിയിലെ വിളക്കുകൾ അണഞ്ഞു. കുറച്ച് കഴിഞ്ഞ് രാജാവ് വന്ന് വാതിൽ തുറന്നു. വെളിച്ചവും വന്നു. രാജാവ് ഒരു ചിരിയോടെ പറഞ്ഞു. "നിങ്ങളിലെ സത്യസന്ധത കണ്ടെത്തുവാനുള്ള ഒരു പരീക്ഷണമായിരുന്നു ഇത്, ചാക്കിൽ രത്നങ്ങൾ വളരെ കുറഞ്ഞിരിക്കുന്നു. ആരൊക്കെയോ ര്തനങ്ങൾ എടുത്തിട്ടുണ്ട് എന്ന് തീർച്ച, അല്പനേരം ഞാൻ കണ്ണടച്ച് നിൽക്കും ഇരുട്ടത്ത് രത്നം കൈക്കലാക്കിയവർ അതിനകം മുറിവിട്ട് പോകണം". രാജാവ് കണ്ണടച്ചു നിന്നു, അൽപ്പനേരം കഴിഞ്ഞ് കണ്ണ് തുറന്നപ്പോൾ മുറിയിൽ ഒരാൾമാത്രം "ഹാവൂ! ഒരാളെങ്കിലലും ഉണ്ടല്ലോ സത്യസന്ധനായി" രാജാവ് പറഞ്ഞു. ഉടനെ അയാൾ പറഞ്ഞു "എന്റെ കൈയ്യിലെ രത്നവും ഇവിടെ വച്ചിരുന്ന രത്നചാക്കും തട്ടിയെടുത്ത് ബാക്കിയുള്ളവർ പോയി ഞാൻ അങ്ങയോട് പരാതി പറയാൻ നിന്നതാ".

സോണി യോഹന്നാൻ
ക്ലാസ്സ് 5 സി

## എന്റെ മരം

നട്ടു നനച്ച് വളർത്തിയൊരെൻ മരം
തായ് വേരു ഭൂമിയിൽ ഉറച്ചു നിൽക്കേ
ഇലകളായ് പൂക്കളായ് കായ്കളായ് മാറി-
യെന്നോമന പൂമരം മാമരമായ്
ഹരിത വൃക്ഷങ്ങൾ നിറഞ്ഞു നിൽക്കൂ-
ന്നൊരീ ഹരിതാഭ ഭൂമിയെൻഭൂമി
ഋതു വർണ്ണങ്ങൾ ഏഴു വന്നാലും
അതിനെ വരവേൽക്കുന്നതാണെന്റെ മാമരം

സ്നേഹ പ്രഭാകർ
ക്ലാസ്സ് 9-ബി



## മലയാള നാട്

എന്റെ നാട് മലയാള നാട്
പൊന്നുഷസ്സിൻ സ്വന്തം നാട്
മണ്ണിൽ പൊന്നു വിളയിക്കും നാട്
എന്റെ സ്വന്തം മലയാള നാട്
ദൈവത്തിന്റെ സ്വന്തം നാട്
ഞാൻ പിറന്ന മലയാള നാട്
എല്ലാ ജാതിമതക്കാരും
ഒരുമയോട് വാണീടും നാട്

ഹരിത.സി.ആർ.
ക്ലാസ് 5- ബി

## ആരും അറിയപ്പെടാത്ത .പി.

പി. കുഞ്ഞിരാമൻ നായർ ഉത്തരകേരളത്തിലെ കാഞ്ഞങ്ങാട്ട് 1905 ൽ ജനിച്ചു. കൊച്ചീരാജാവ് സാഹിത്യനിപുണ ബിരുദം നൽകിയിട്ടുണ്ട്. സംസ്കൃത ഭാഷാ സാഹിത്യത്തിൽ അഗാധ പാണ്ഡിത്യം നേടി. ഏകദേശം എഴുപതോളം കവിതാ സമാഹാരങ്ങൾ രചിച്ചിട്ടുണ്ട്. അന്തിത്തിരി, ഓണസദ്യ, കളിയച്ഛൻ, താമരത്തേൻ, താമരത്തോണി, നിറപറ, പൂക്കളം, ചിലമ്പൊലി, മണിവീണ, ശംഖനാദം, സൗന്ദര്യദേവത എന്നിവയാണ് പ്രധാന കവിതാസമാഹാരങ്ങൾ, കൂടാതെ ഉപന്യാസങ്ങളും ബംഗാളിനാടകങ്ങളുടെ വിവർത്തനങ്ങളും രചിച്ചിട്ടുണ്ട്. 1954 ൽ കളിയച്ഛൻ എന്ന കൃതിക്ക് മദ്രാസ് സർക്കാരിന്റെ സമ്മാനവും 1966 ൽ താമരത്തോണിക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. 1978 ൽ അദ്ദേഹം മലയാള സാഹിത്യത്തോട് വിടപറഞ്ഞു.

മിഥുൻ എ.
ക്ലാസ്സ് – 10 എഫ്.

മുല്ലായുടെ നർമ്മകഥ

## ശാപത്തിനുപിഴ

ഒരിക്കൽ എന്തോ ആലോചിച്ചു വഴി നടക്കുകയായിരുന്ന മുല്ലയുടെ കാല് അറിയാതെ ഒരു കല്ലിൽ തട്ടി.

നീ ഒരായിരം പ്രാവശ്യം തുലഞ്ഞുപോ! വേദനയും ദേഷ്യവും സഹിക്കവയ്യാതെ കല്ലിനെ ശപിച്ചു. ഇത് കേൾക്കാനിടയായ ഒരു മതപണ്ഡിതൻ മുല്ല അയാളെയാണ് ശപിച്ചതെന്ന് തെറ്റിദ്ധരിച്ച് ന്യായാധിപന്റെ അടുക്കൽ പരാതി നല്കി.

മുല്ലയെ വിളിച്ചുവരുത്തിയ ന്യായാധിപൻ മതപണ്ഡിതനെ ശപിച്ച കുറ്റത്തിന് ഒരു രൂപ പിഴയിട്ടു യാതൊരു കൂസലും കൂടാതെ രണ്ടു രൂപ ന്യായാധിപനെ ഏല്പിച്ച മുല്ല പരാതിക്കാരനായ മതപണ്ഡിതന്റെ നേരേതിരിഞ്ഞു പറഞ്ഞു. "താൻ രണ്ടായിരം പ്രാവശ്യം തുലഞ്ഞു പോകട്ടെ"

സമ്പാ: ഫെബിൻ
ക്ലാസ്സ് -5-സി

**കടങ്കഥകൾ**

1. നാഴിയുരി പാലുകൊണ്ട് നാടാകെ കല്യാണം - **ചന്ദ്രക്കല**
2. ജനിക്കുമ്പോൾ ജനിക്കാത്തതും ജനിച്ചുകഴിഞ്ഞ് ജനിക്കുന്നതുമായ വസ്തു - **പല്ല്**
3. അടുക്കള കോവിലിൽ മൂന്ന് ദൈവങ്ങൾ - **അടുപ്പ്**
4. മലയിലമ്മയ്ക്ക് തലയിൽ പൂവ് - **കൈതച്ചക്ക**

റീന മാത്യു,
ക്ലാസ്സ് - 8 ബി.

**കഥ**

# തവള

നിലാവ് വീടിനു മുന്നിലുള്ള റബ്ബർ മരങ്ങൾക്കിടയിലൂടെ അരിച്ചിറങ്ങി ജനാലച്ചില്ലില്ലൂടെ കടന്ന് അവളുടെ മുഖത്ത് ചിത്രങ്ങൾ വരയ്ക്കുന്നു. ശാന്തമായ രാത്രി ഇതുവരെ രാത്രിയെ ഭയപ്പാടോടെ നോക്കിയിട്ടുള്ള അവൾ ഇന്ന് രാത്രിയെ പ്രണയിച്ച് തുടങ്ങിയിരിക്കുന്നു.

വീടിനപ്പുറത്തെ നികത്തപ്പെട്ട വയലിന്റെ രോദനം പോലെ ഒരു തവളയുടെ കരച്ചിൽ അവളുടെ കാതുകളിലെത്തി. അവൾ കതകുതുറന്ന് മുറ്റത്തേക്കിറങ്ങി. അവൾക്ക് പക്ഷെ ആ തവളയെ കണ്ടെത്താനായില്ല. തവളയും വിപ്ലവകാരിയാണോ? പ്ലാച്ചിമടയിലെ സമരക്കാരെപ്പോലെ തങ്ങളുടെ ഭൂമിക്കുവേണ്ടി വാദിക്കുകയാണോ അത്? ഉറവ വറ്റാത്ത പ്രകൃതിക്കുവേണ്ടി നനവിനും അലിവിനും വേണ്ടി...... ഇല്ല, ഇനിയീഭൂമി മടക്കിത്തരാൻ ഞങ്ങൾക്ക് കഴിയുമെന്ന് തോന്നുന്നില്ല. പ്രകൃതി നിങ്ങളെ പരാജയപ്പെടുത്തി കഴിഞ്ഞു. ഭാവിയിൽ ഞങ്ങളേയും പ്രകൃതിയോ? ഞങ്ങളോ? അവൾ തവളയെ പ്രണയിക്കാൻ തുടങ്ങി. സാധാരണക്കാരനുവേണ്ടി വാദിച്ച മാർക്സിനെപ്പോലെ.

ഒരു തവളയായിരുന്നെങ്കിൽ വിപ്ലവകാരിയാകാമായിരുന്നു. ആർക്കും മനസ്സിലാക്കാനാകില്ലെങ്കിലും വെറുതേ വാദിക്കാമായിരുന്നു. മനുഷ്യനായാൽ വിപ്ലവകാരിക്ക് രാഷ്ട്രീയക്കാരനാകേണ്ടിവരും പ്രകൃതിയെ നശിപ്പിക്കേണ്ടി വരും ഒരു തവളയായിരുന്നെങ്കിൽ....... ആ തവള നിർത്താതെ കരഞ്ഞുകൊണ്ടേയിരുന്നു.

ഒരു മനുഷ്യനാകാൻ വേണ്ട......

സ്വാതി നായർ, സ്വേത നായർ
ക്ലാസ്സ് 8 എ.





ചിത്രീകരണം
പൂജാ ബാലചന്ദ്രൻ
ക്ലാസ്സ് 6 ഡി.

Watch your **W**ords
Watch your **A**ction
Watch your **T**houghts
Watch your **C**haracter
Watch your **H**eart *Sai Baba*

"The course of time love never runs smooth"
*Shakespeare*

# നീ......

ആർദ്രമാം മനസ്സിന്റെ
നൊമ്പരത്താളുകൾ
പങ്കുവയ്ക്കാനുള്ള ചങ്ങാതീ നീ.....
മനസ്സിന്റെയുള്ളിലെ
നിലവറതന്നിലേ
സർണ്ണനിറമാർന്ന വിളക്കാണുനീ.....
അമ്മയെപ്പോലെന്റെയച്ഛനെ
പ്പോലെന്നെ തഴുകിയുണർ
ത്തുന്ന കുളിരാണുനീ
അർജുനൻ തന്നുടെ തേരാളിയായൊരാ
കൃഷ്ണനെപ്പോലെ നീ
തേർ തെളിക്കൂ
ജന്മാന്തരങ്ങളിൽക്കൂടെ
യുണ്ടായിടും നിഴലായ്
നിൽക്കുമീ ചങ്ങാതി ഞാൻ

ശ്യാമ, ഹരിത, യമുന
ക്ലാസ്സ് 8 എ.

### കുസൃതി ചോദ്യങ്ങൾ

1. രുചി അറിയാത്ത നാവ് - **കിനാവ്**
2. പറിക്കാൻ കഴിയാത്ത പൂ - **ഷാംപൂ**
3. മുന്നിലുളളവരെ പിന്നിലുള്ളവർ വിളിച്ചാൽ തിരിഞ്ഞു നോക്കുന്നത് എന്തുകൊണ്ട് ?
   **പിന്നിൽ കണ്ണില്ലാത്തതുകൊണ്ട്**
4. ഉറുമ്പിന്റെ വായേക്കാൾ ചെറിയ വസ്തു
   **ഉറുമ്പു കഴിക്കുന്ന ഭക്ഷണം**
5. കോഴി കൂട്ടിൽ കയറുന്നത് എപ്പോൾ? -
   **വാതിൽ തുറന്നു കിടക്കുമ്പോൾ**

# പുഴമൊഴികൾ

**പുഴയുമായി ബന്ധപ്പെട്ട ചില കേരളീയ പഴമൊഴികൾ**

- പുഴ പഴയത് വെള്ളം പുതിയത്
- പുഴ ഒഴുകിയാൽ കടലോളം
- പുഴകടന്ന് ചിറയ്ക്ക് പോവുക
- ആറ്റിലിറങ്ങിയവനെ ആഴമറിയൂ
- ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
- വെള്ളം കേറിയാൽ വള്ളമിറക്കണം
- തലയ്ക്ക് മീതെ വെള്ളം വന്നാൽ അതിനും മീതേ തോണി
- തോണിയക്കരേ തുഴയിക്കരേ

ശ്യാംലാൽ
ക്ലാസ്സ് - 10 എഫ്

## കള്ളി തത്തമ്മ

പച്ചയുടുപ്പിട്ട തത്തമ്മേ
നിന്നെ കാണാൻ എന്തൊരു ചേലാണ്
ചക്കരമാവിന്റെ കൊമ്പത്തിരുന്ന്
കീകീ പാടും തത്തമ്മേ
അങ്ങിങ്ങും ഇങ്ങിങ്ങും മാങ്ങ കക്കാൻ
പാഞ്ഞു നടക്കും തത്തമ്മേ
കണ്ണു കറുപ്പിച്ച തത്തമ്മേ
ചുണ്ടു ചുവപ്പിച്ച തത്തമ്മേ
ചക്കരമാവിന്റെ കൊമ്പിലിരുന്ന്
ഊഞ്ഞാലാടണ തത്തമ്മേ

ഹരിത സി.ആർ.
ക്ലാസ്സ് - 5 ബി.



# ശില്പശാല

വാക്കുകൾ കൂട്ടിക്കെട്ടി
വരികളെ മുളപ്പിക്കുകയാണവർ
വരികൾക്കിടയിൽ
വാക്കുതിരഞ്ഞ ഞാൻ
പേനമടക്കിവെച്ചു...
വിഡ്ഢിയെന്നവരിനി–
യെന്നെ വിളിക്കില്ല...

സനൂപ് എസ്., പ്രജി എം.
ക്ലാസ്സ് 10 എഫ്.

എന്തൊക്കെയോ നഷ്ടപ്പെടെന്നൊരു തോന്നൽ. ആ സ്ത്രീ ...... അത് തന്റെ....? എന്തിന് ചിന്തിക്കണം........? ഇറങ്ങിപ്പോകുമ്പോൾ അവൾ പറഞ്ഞതല്ലേ താനുമായി ഒരു ബന്ധവുമില്ലെന്ന്.... അവൻ അവളുടെ മാത്രം മകനാണെന്ന്.......! അവനെപ്പ റ്റിയോ, അവളെപ്പറ്റിയോ ഒന്നും ചിന്തിക്കണ്ടെന്ന്..... ! എന്നാലും കഴുത്തിലെ താലി അഴിച്ചുമാറ്റാൻ അവൾ തയ്യാറായിരുന്നില്ല. താനാവശ്യപ്പെട്ടുമില്ല. ആ സമയത്ത് അവ ളെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ ആ കാഴ്ച കാണേണ്ടി വന്നല്ലോ. അവ ളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇപ്പോഴും തനിക്ക് കരച്ചിൽ വരുന്നു. അതിനർത്ഥം അവളെ താൻ സ്നേഹിച്ചിരുന്നു എന്നല്ലേ? അവളോടുള്ള പകയ്ക്കാണോ താൻ കരയാതിരിക്കുന്നത്....?

എന്തിന് .... എന്തിനാണവളോടു പക...? തെറ്റെല്ലാം തന്റേതായിരുന്നല്ലോ....? പൊട്ടിക്കരയുകയായിരുന്നു അയാൾ..... കുറ്റബോധം കൊണ്ട് ....... പശ്ചാത്താപം കൊണ്ട്.....! ചിന്തകൾ കാടു കയറി ...... ആരോടായിരുന്നു പക ....? ആർക്കാണി പ്പോൾ നഷ്ടം .....? തന്റെ മകൻ .... താനും ഒറ്റപ്പെടുകയാണോ..... ? തനിക്ക് സ്വയം ചിന്തിക്കുവനുള്ള കഴിവ് നഷ്ടപ്പെടുകയാണോ ? തന്റെ ഭാര്യ.... ഒറ്റയ്ക്ക് ആ നടു റോഡിൽ തന്റെ മകൻ ....... ഇനി ഒരിക്കലും തിരിച്ചുവരാത്ത ലോകത്തിൽ ..... എല്ലാം താൻ കാരണം.... തന്റെ പക കാരണം.......ആ ദൃശ്യം കണ്ടപ്പോൾ തനിക്ക് കരച്ചിൽ വന്നില്ല ..... എന്തുകൊണ്ട്....? അതിനകം തന്നെ അവർ തന്റെ ആരുമല്ലാതായി ത്തീർന്നോ.... ? അങ്ങനെയങ്ങ് അവരെ മറക്കാനാകുമോ തനിക്ക് ....? അയാൾക്ക് തല പൊട്ടിച്ചിതറുന്നതുപോലെ തോന്നി..... ! എന്തു ചെയ്യണമെന്നറിയാത്ത അവ സ്ഥ. അയാൾ പുറത്തേയ്ക്കോടി.... കാർ സ്റ്റാർട്ടു ചെയ്തു.

റോഡിൽ, പെരുമഴയത്ത് നനഞ്ഞു കുളിച്ച് ബോധം പോയി കിടന്നിരുന്ന അവളെ താങ്ങിയെടുത്ത് കാറിൽ കിടത്തുമ്പോൾ........ തന്റെ മകന്റെ ചേതനയറ്റ ശരീരമെടുത്ത് കാറിൽ വെയ്ക്കുമ്പോൾ ......... അയാൾ പൊട്ടിക്കരയുകയായിരു ന്നു......

അയാളുടെ കണ്ണുനീർ മഴത്തുള്ളികളോടൊപ്പം അലിഞ്ഞു ചേർന്ന് ഭാര്യ യുടെ താലിയിൽ പതിച്ചു. അപ്പോൾ അയാൾ ചിന്തകൾ നഷ്ടപ്പെട്ട ഒരുവനായി മാറിയിരുന്നു..... !

അപർണ്ണ ആർ., ക്ലാസ്സ് 9 ഇ. ■

## കേരളം

പ്രകൃതി സുന്ദര രമണീയമായൊരു
മലയാള നാടെൻ കേരളം
സത്യ വചനവും ധർമ്മ പ്രവർത്തിയും
ഉൾചേരും എൻ കേരളം
കേര വൃക്ഷവും നെൽ വയലുകളും
തലയുയർത്തി നിൽക്കും കേരളം
പക്ഷിക്കൂട്ടവും പൂമ്പാറ്റകളും
പാറി നടക്കും കേരളം

ഹരിത.സി.ആർ.
ക്ലാസ് 5- ബി

**കഥ**

## സ്വയം നഷ്ടപ്പെടുന്നവർ

....... ആ കാഴ്ച നാട്ടുകാർക്ക് ഒരു പുത്തരിയായിരുന്നില്ല. ഇങ്ങനെ എത്രയെത്ര കാഴ്ചകൾ....... അപകടങ്ങൾ...! ഇതൊക്കെ ശ്രദ്ധിക്കാൻ ആർക്ക് എവിടുന്ന് സമയം ? ആ സ്ത്രീയുടെ കരയുന്ന മുഖം ആർക്കും കാണാൻ കഴിഞ്ഞില്ല. അതു കാണാൻ ആർക്കും കണ്ണുണ്ടായില്ല എന്നതാണ് സത്യം. അലമുറയിട്ടു കരയുന്ന ഒരു സ്ത്രീ..... മുന്നിൽ വാഹനമിടിച്ച് മരിച്ചു കിടക്കുന്ന അവരുടെ മകൻ ..... ആ സ്തീയെയും മകനെയും പ്രാകി വണ്ടിയുടെ ഡ്രൈവർ ..... ഈ ചിത്രം ക്യാമറകളിൽ പകർത്തുന്ന നികൃഷ്ട ജന്തുക്കൾ....

കഴിഞ്ഞ സംഭവങ്ങളുടെ ദൃശ്യങ്ങൾ ഒന്നൊന്നായി അയാളുടെ മനസ്സിലൂടെ കടന്നുപോയി. ചിന്തകൾക്ക് കട്ടികൂടുംതോറും അയാളുടെ കണ്ണുകളിൽ പുഴ കവിയാൻ തുടങ്ങുകയായിരുന്നു. എന്തുകൊണ്ട് ആരും .... ? ആ കുട്ടിയെ ആശുപത്രിയിൽ എത്തിച്ചിരുന്നെങ്കിൽ ഒരു പക്ഷേ ...... ചിലവുകളെല്ലാം താൻ വഹിക്കുമായിരുന്നു.... പക്ഷേ, ആരും.....! താനെന്തിന് ഇതൊക്കെ ചിന്തിക്കുന്നു? തനിക്കും ആകാമായിരുന്നില്ലേ....? ആശുപത്രിയിൽ പോയി ആ കുട്ടിയെ ചികിത്സിപ്പിച്ച് .... എന്നാൽ, ആ സമയത്ത് താനതു ചെയ്തില്ല......

അങ്ങനെ എന്തെങ്കിലും ചെയ്യാനുള്ള മാനസികാവസ്ഥയിലായിരുന്നില്ലല്ലോ.......പിണങ്ങിപ്പോയ ഭാര്യയുടെ ദേഷ്യമുള്ള മുഖമായിരുന്നു മനസ്സു നിറയെ. അങ്ങനെ ഓരോ മനുഷ്യരും ആ സമയത്ത് ആ കുട്ടിയെ രക്ഷിക്കാവുന്ന മാനസികാവസ്ഥയിലായിരുന്നില്ലായിരിക്കാം. ഓരോരുത്തർക്കും അവരവരുടെ ചിന്തകൾ, വിഷമങ്ങൾ.... അതിനിടെ മറ്റുള്ളവരുടെ വിഷമങ്ങൾകൂടി തലയിലേറ്റി വെയ്ക്കാൻ എവിടുന്നു നേരം.......? തന്നെപ്പോലെ എല്ലാവരും സ്വയം നഷ്ടപ്പെട്ട രീതിയിലായിരിരുന്നിരിക്കാം. താനെന്തിനിങ്ങനെ വിഷമിക്കുന്നു ? തനിക്കെന്തെങ്കിലും നഷ്ടമുണ്ടോ? മരിച്ചത് ഏതോ ഒരു കുട്ടി...... കരയുന്നത് ഏതോ ഒരു സ്ത്രീ...... കണ്ടു നിൽക്കുന്നതും ആരൊക്കെയോ...... അവരിൽ ആരും തന്റെ ബന്ധുക്കളായിരുന്നില്ല...... പിന്നെന്തിന് ......? പിന്നെന്തിന് ഞാൻ വിഷമിക്കുന്നു? മറ്റുള്ളവരെ ക്കുറിച്ച് എന്തിന് ചിന്തിക്കുന്നു? എന്നൊക്കെ അയാൾ ആശ്വസിക്കാൻ ശ്രമിച്ചു. എങ്കിലും.....



### കുസൃതി ചോദ്യങ്ങൾ

6. മലയാളത്തിൽ എത്ര അക്ഷരങ്ങൾ ഉണ്ട് ?- **നാല്**
7. കുട്ടികൾക്ക് മാത്രമുള്ള കൃതി - **കുസൃതി**
8. നായ എപ്പോഴും വലാട്ടുന്നതു എന്തുകൊണ്ട്? **ആരും ആട്ടികൊടുക്കാൻ ഇല്ലാത്തതുകൊണ്ട്**
9. ഒരു ടൺ ഉണ്ടെങ്കിലും ഭാരമില്ലാ - **ബട്ടൺ**
10. തേടിയ വള്ളി കാലിൽ ചുറ്റിയാൽ എന്തു സംഭവിക്കും **തട്ടിവീഴും**
11. ടയർ ഇല്ലാത്ത കാർ - **മഴക്കാർ**

ഫൗസിയ ഖാദർ
ക്ലാസ് 8- ബി

**ലേഖനം**

## ചന്ദ്രൻ

ചന്ദ്രൻ! അങ്ങ് ദൂരെ..... മാനത്ത് വെട്ടിത്തിളങ്ങി നിൽക്കുന്ന ചന്ദ്രനെ നാം കണ്ടിട്ടുണ്ട്. നമ്മുടെ ഭൂമിക്കുള്ള ഏക ഉപഗ്രഹം.
ഏകദേശം 3,84,400 കി.മീ. ദൂരെ നിൽക്കുന്ന ചന്ദ്രനെയും തൊടാൻ മനുഷ്യന് കഴിഞ്ഞു. ഒരു പ്രാവശ്യം ഭൂമിയേ ചുറ്റുന്നതിന് ചന്ദ്രൻ 27 ദിവസം 7 മണിക്കൂർ 45 മിനിട്ട് 11.5 സെക്കന്റ് എടുക്കുന്നു. ചന്ദ്രന് അന്തരീക്ഷമില്ല. നിലാവും ഭൂമിയിൽ നിന്ന് നോക്കുമ്പോൾ മാറിക്കൊണ്ടിരിക്കുന്ന വലുപ്പവും ചന്ദ്രനെ ശ്രദ്ധേയമാക്കുന്നു. ചന്ദ്രൻ സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നു. പരിക്രമണ കാലവും ഭ്രമണകാലവും തുല്യമാണ്. അതിനാൽ ചന്ദ്രന്റെ ഒരേ വശം തന്നെയാണ് ഭൂമിയിൽ എപ്പോഴും കാണാൻ കഴിയുക.

"ട്രാങ്ക്വിലിറ്റി ബേസിൽ നിന്ന് ഈഗിൾ ഇവിടെ ഇറങ്ങിക്കഴിഞ്ഞു" 1969 ജൂലൈ 10 ന് 4 മണി 17 മിനിട്ട് 40 സെക്കന്റ് എന്ന സമയത്ത് ചന്ദ്രോപരിതലത്തിൽ കാലുകുത്തിയ നീൽആംസ്ട്രോങ്ങ് 385,000 കി.മീ. അകലെ ഭൂമിയിൽ ആകാംക്ഷയോടെ കാത്തിരുന്നവർക്ക് സന്ദേശവും അയച്ചു. മനുഷ്യന്റെ ചിരകാല സ്വപ്നം അങ്ങനെ സാക്ഷാത്ക്കരിക്കപ്പെട്ടു. അമേരിക്കയുടേയും അപ്പോളോ- 2 ബഹിരാകാശ യാത്രാ പരിപാടിയുടേയും വിജയകരമായ പരിസമാപ്തിയായിരുന്നു അത്. വിജയകരമായി പൂർത്തീകരിക്കപ്പെട്ട ഈ ബഹിരാകാശ പരിപാടി നീൽ ആംസ്ട്രോങ്ങ്, എഡ്വിൻ ആൾഡ്രിൻ എന്നീ യാത്രികരെ ചന്ദ്രനിലിറക്കി ചരിത്രം സൃഷ്ടിച്ചു. ഇവർ ചന്ദ്രോപരിതലത്തിൽ പര്യവേഷണം നടത്തവേ മൂന്നാമത്തെ യാത്രികൻ മൈക്കർ കോളിൻസ് കമാൻഡ് മൊഡ്യൂളിൽ ചന്ദ്രനെച്ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. ആ ദൗത്യത്തിന്ശേഷം അവർ ഭൂമിയിൽ തിരിച്ചെത്തി.

മനുഷ്യൻ ചന്ദ്രനിൽ കാൽകുത്തി എന്നത് 'നാസ' യുടെ ഒരു വലിയ തട്ടിപ്പാണോ? അമേരിക്കക്കാരനായ റാൽഫ്റിനെയുടേതാണ് ഈ സംശയം റാൽഫ്റിനെമാത്രമല്ല മറ്റനേകം പ്രമുഖരും ചന്ദ്രയാത്ര തട്ടിപ്പാണെന്ന് പറയുന്നുണ്ട്. അതിന് തെളുവുകൾ നിരവധിയാണ് അവർ കാണിച്ചുതരുന്നത്. എന്നാൽ നാസ ഈ വാദങ്ങളെ എതിർത്തു. ഇത്ര വർഷത്തോളം ഇത്ര വലിയനുണ ഇത്രയേറെപ്പേർക്ക് രഹസ്യമായി സൂക്ഷിക്കുവാൻ കഴിയുകയില്ലെന്നാണ് അവരുടെ വാദം. ആംസ്ട്രോംഗ് ആദ്യം കാലുകുത്തിയ ഫോട്ടോ എടുക്കുവാൻ ചന്ദ്രനിൽ വേറെ ആളുണ്ടായിരുന്നോ? എന്ന് ചോദ്യത്തിനുള്ള മറുപടി ഇതാണ്. ലൂണാർ പേടകത്തിൽ നിന്ന് നീളുന്ന യന്ത്രകൈയിലാണ് ക്യാമറ പിടിപ്പിച്ചിരുന്നത്. ലൂണാർ പേടകത്തിൽ വളരെ വലുപ്പമുള്ള റോവർ വയ്ക്കാൻ കഴിയില്ലെന്ന വാദത്തിന് ആ വാഹനം മടക്കാൻ കഴിയുമെന്നായിരുന്നു നാസയുടെ വിശദീകരണം. നാസ ഒരിക്കൽകൂടി ഇനി മനുഷ്യനെ ചന്ദ്രനിൽ എത്തിക്കുകയാണെങ്കിലെ ലോകം നാസയുടെ വാദങ്ങളെ അംഗീകരിക്കുകയുള്ളു. ഇന്ത്യയുടേയും സ്വപ്നമാണല്ലോ മനുഷ്യനെ ചന്ദ്രനിൽ എത്തിക്കുക എന്നത്. അതിൽ ഒരു മായവുമില്ലാതെ പൂർത്തിയാകട്ടെ എന്നാശംസിക്കുന്നു.

ജിബിൻ പൊന്നച്ചൻ, ക്ലാസ്സ് - 10 എഫ് ■

## ആദ്യാക്ഷരം

ആദ്യത്തെ അക്ഷരം ആദ്യാക്ഷരം
ചുണ്ടിൽ നിന്നുണരുന്ന അമൃതാക്ഷരം
'അ' എന്ന ചൊല്ലലിലെൻ മനസ്സിൽ
എന്നമ്മതൻ ചിത്രം ജ്വലിക്കും
അമ്മതൻ വാത്സല്യത്തേൻ കിനിയും
മാതൃവാത്സല്യത്തിന്റെ മന്ത്രാക്ഷരം
മാതൃ ഭക്തിതൻ സായൂജ്യ പുണ്യാക്ഷരം

മേഘ ബൈജു
ക്ലാസ്സ് 5 ബി



ചിത്രീകരണം
രാഹുൽ
ക്ലാസ്സ് 5 സി.

# കാത്തിരിപ്പ്

രാത്രിയുടെ അനന്തമാം യാമങ്ങളെന്നിൽ
കാത്തിരുന്നു ഞാൻ ഒരു രാത്രിമഴ തൻ തണുപ്പിനായ്
വറ്റിവരളുന്ന ഭൂമിയും പുഴകളും
സസ്യജാലങ്ങൾ വാടികരിയുന്നു
ഹരിതവർണ്ണങ്ങളും മായുന്നു
എൻ കാത്തിരുപ്പ് വെറുതെയായ്
ഭൂമിയിലെ വേനൽതാണ്ഡവം കണ്ട്
ആഹ്ലാദിക്കുന്ന വാനമേ
നിൻ കണ്ണിൽ കണ്ണുനീരില്ലന്നോ
ഉരുകിത്തിളയ്ക്കുമീ ഭൂമിയെ
തെളിനീർ തളിച്ചു നനയ്ക്കാനാവില്ലെന്നേ
മഴപെയ്തു പുഴയായ പുഴയെല്ലാം കര-
കവിഞ്ഞൊഴുകേണ്ട നാളുകളസ്തമിച്ചു
ചാറ്റൽമഴ തൻ കരസ്പർശമേറ്റഴൽ
തീരേണ്ട ലതകൾ കരിഞ്ഞുപോയി
എന്നിട്ടും നിന്നമൃതതുള്ളികൾ
തളിക്കാൻ നീയെന്തു വൈകുന്നുവാനമേ
ആഗോളതാപനവും ആണവകരാറും
ആഗോളസാമ്പത്തിക പ്രതിസന്ധികളും കൊണ്ടുഴന്ന
മനുഷ്യമനസ്സിനെ തണുപ്പിക്കാൻ
ഒരു കുളിരായ് നീ വരില്ലേ
ഈ ധരണി തൻ ഉഷ്ണം കഴുകികളയുവാൻ
ഇനിയും നീ വൈകിയാൽ
ഈ പാരിൽ ജീവന്റെ കണികപോലും കാണില്ല
ഒരു രാത്രിമഴയ്ക്കായ് ഞാൻ കാത്തിരുന്നു
എൻ കാത്തിരിപ്പ് വിഫലമോ?

ഡോണ തങ്കച്ചൻ
ക്ലാസ് 7- എഫ്



## കൂട്ടുകാരി

വേദനയിൽ ഞാൻ പുളയുമ്പോൾ
ഒരാശ്വാസമായെൻ നീ എൻ അരികിലില്ലെ
ആഴത്തിൽ മുറിവുകൾ എന്നിൽ പതിക്കവേ
സ്നേഹത്തിൻ വാക്കുകൾ എന്നിലോതുവാൻ
താങ്ങായി തണലായി എന്നും നീയില്ലേ
പിന്നെന്തിനു ഞാൻ തേങ്ങുന്നു
എന്നും തുണയായി നീയില്ലേ

റ്റിൻഷി തോമസ്
7- എഫ്

നുള്ള ശ്രമമാണ് ഇന്ന് പ്രധാനമായും നടക്കുന്നത്. പരസ്യത്തിന്റെ മോടി വെറും വിപണനതന്ത്രമാണെന്നും അതിൽ വിശ്വസിക്കരുതെന്നും ജനങ്ങൾ തീരുമാനിക്കണം.

ടി.വി. മാധ്യമങ്ങൾക്ക് കാശുവാരുവാനുള്ള ഒരു അവസരം കൂടിയായി പരസ്യം മാറിയിരിക്കുന്നു. പരസ്യം കണ്ട് മേന്മ കുറഞ്ഞ സാധനങ്ങൽ വാങ്ങി പലരും കബളിക്കപ്പെടുന്നുണ്ട്. പ്രത്യേകിച്ചും സ്ത്രീകളാണ് ഈ വിധത്തിൽ കബളിപ്പിക്കപ്പെടുന്നത്. സൗന്ദര്യവർദ്ധക വസ്തുക്കളുടെ പരസ്യങ്ങളിൽ കാണുന്ന പല ചേരുവകളും കൃത്രിമവും രാസനിർമ്മിതവുമാണ്. ഇന്ന് നമ്മുടെ പുരാതന സംസ്കാരത്തിന്റെ സാമ്പത്തായി ആയുർവേദം പോലും പരസ്യങ്ങളിൽ കൂടി ചൂഷണം ചെയ്യപ്പെടുന്നു. സാമ്പത്തികമായും സാമൂഹികമായും ജനത്തെ ചൂഷണം ചെയ്യുന്ന പരസ്യങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. പരസ്യങ്ങളുടെ അതിപ്രസരം കുട്ടികളേയും മുതിർന്നവരേയും ഒരുപോലെ വശംവദരാക്കുന്നു.

സാമ്പത്തിക- സാമൂഹിക ചൂഷണം നടത്തുന്ന പരസ്യങ്ങൾ സമൂഹത്തിൽ നിന്ന് തുടച്ചുനീക്കേണ്ടതുണ്ട്. മൂല്യ ചൂഷണത്തിന് വഴി വെയ്ക്കുന്ന പരസ്യങ്ങൾ നമ്മുടെ ജനാധിപത്യരാജ്യത്തിന്റെ പ്രതിച്ഛായ തകർക്കുമെന്നതിൽ സംശയമില്ല. മുതലാളിത്തത്തിന്റെ പണക്കൊഴുപ്പ് ഉത്പന്നങ്ങളെക്കുറിച്ച് ശരിയായ വിവരം ജനങ്ങളിലെത്തിക്കുന്നതിന് തടസ്സമാകുന്നു. ഒരു വിപണനതന്ത്രമെന്ന നിലയിൽ അനിവാര്യമായ പരസ്യങ്ങൾ മാധ്യമപ്രവൃത്തിയുടെ ആത്മാർത്ഥതയ്ക്ക് കളങ്കം ചാർത്തുന്നവയാകരുത്. ഇന്റർനെറ്റിലൂടെയുള്ള പ്രചരണവും അൽപ്പമെങ്കിലും സത്യമായിരിക്കണം. കള്ളത്തരത്തിന്റെയും പുറംപൂച്ചിന്റെയും കിരാതവാഴ്ച അവസാനിപ്പിച്ച് സത്യസന്ധവും ലളിതവുമായ രീതിയിൽ പരസ്യനിർമ്മാണം നടത്തണം. ഇത് മാധ്യമ മേഖലയിലേക്ക് ഒരഭിമാനവും നിർമ്മാതാക്കൾക്ക് സാമ്പത്തികമായി ലാഭവുമായിരിക്കും. ■

ആതിര.വി.
ക്ലാസ്സ് 9

## കാർവർണ്ണഗീതം

കണ്ണന്റെ ഓടക്കുഴൽ വിളി കേൾക്കാനായ്
കന്നാലികൂട്ടങ്ങൾ ഓടിയെത്തി
കുന്നിൻ ചെരുവിലെ വൃക്ഷത്തിൻചോട്ടിലായ്
കാർവർണ്ണൻ ഓടക്കുഴൽ മീട്ടുന്നു.
കണ്ണന്റെ ഓടക്കുഴൽ വിളി കേട്ട്
ഗോപികമാരെല്ലാമോടിയെത്തി
കണ്ണന്റെ ഓടക്കുഴൽവിളികേട്ടിട്ട്
അമ്പാടി ഒട്ടാകെ ഓടിയെത്തി
കണ്ണന്റെ ഓടക്കുഴൽ വിളി കേൾക്കാനായ്
പാടും പറവകൾ പാറിയെത്തി
കണ്ണന്റെ ഓടക്കുഴൽ വിളി കേൾക്കാനായ്
കന്നാലി കൂട്ടങ്ങൾ ഓടിയെത്തി

അപർണ
ക്ലാസ്സ് 9–ബി

## ലേഖനം പരസ്യങ്ങളുടെ കാണാപ്പുറങ്ങൾ

നമ്മുടെ നാട് ഇന്ന് വികസനത്തിന്റെ പാതയിലാണ്. വ്യാവസായിക മേഖലയും വിപണനസാധ്യതകളും കുതിച്ചുയർന്നു. വിപണി മത്സരങ്ങളുടെ കേന്ദ്രമായി. വിപണതന്ത്രങ്ങളിലൊന്നാണ് പരസ്യം. ഇന്നു വിവിധ മാധ്യമങ്ങളിലൂടെ സത്യവും മിഥ്യവുമായ പരസ്യങ്ങൾ അരങ്ങു വാഴുന്നു.

ഒരു സാധനത്തിന്റെ ഗുണമേന്മയും ലഭ്യതയും വിലയും സാധാരണ ജനങ്ങളിലേക്കെത്തിക്കുന്ന മാധ്യമമാണ് പരസ്യം. ഈ നിലയിൽ പരസ്യം അനിവാര്യമായ വിപണതന്ത്രമാണ്. എന്നാൽ മത്സരങ്ങളുടേയും കുതികാൽ വെട്ടിന്റെയും കേന്ദ്രമായ വിപണിയിൽ പരസ്യത്തനിമയുടെ കാര്യത്തിലും മത്സരമാണ്. ജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി ഇല്ലാത്ത ഗുണമേന്മയെ പെരുപ്പിച്ചുകാണിക്കുമ്പോൾ ജനങ്ങൾ വശംവദരാകുന്നു.

ഇന്നത്തെ പരസ്യങ്ങൾ പൂർണ്ണമായും സത്യമല്ല. വിപണിയുടെ മാന്ദ്യത്തെ ഊർജ്ജതപ്പെടുത്തണമെങ്കിൽ പരസ്യങ്ങളുടെ സഹായം മതി. ഇന്ന് ഈ മേഖലയിൽ വിപുലമായ തൊഴിൽ സാധ്യതകൾ ദൃശ്യമാകുന്നു.

പരസ്യങ്ങളെ പൂർണ്ണമായും വിശ്വസിക്കാവുന്ന കാലം കഴിഞ്ഞുപോയി. ചില ഉത്പന്നങ്ങൾ വാങ്ങി ഉപയോഗിച്ചു നോക്കുമ്പോഴാണ് യഥാർത്ഥ ഗുണമേന്മ ദൃശ്യമാകുന്നത്. എന്തുല്പന്നം വാങ്ങുമ്പോഴും മിന്നുന്നതെല്ലാം പൊന്നല്ല എന്ന പഴമൊഴി നാം ഓർക്കേണ്ടതുണ്ട്. യഥാർത്ഥ മേന്മയറിയാതെ ആകർഷണങ്ങളിൽ വശംവദരായി വാങ്ങുന്ന ഉത്പന്നങ്ങൾ നമുക്കുതന്നെ ദോഷം വരുത്തും. സൗന്ദര്യവർദ്ധക ഉത്പന്നങ്ങളെ പെരുപ്പിച്ച് കാണിച്ച് വിപണി ശക്തമാക്കാ



## അമ്മ

എന്റെ മനസ്സിന്റെ കണ്ണാടി ആകുമെന്നമ്മ
എന്റെ മനസ്സിൽ നിറഞ്ഞങ്ങു നിൽക്കുമെന്നമ്മ
എന്റെ നാവിന്റെ തുമ്പത്തെ ആദ്യാക്ഷരത്തിന്റെ
നറുദീപം തെളിച്ചൊരെന്നമ്മ
എന്നെ കണ്ണിന്റെ കൃഷ്ണമണിപോൽ വളർത്തി
യെൻ മനസ്സിന്റെ ഉള്ളിലങ്ങെവിടെയോ
തെളിയുന്ന വാത്സല്യ നറുദീപനാളമമ്മ

വിഷ്ണു
ക്ലാസ്സ് 9 – ബി

## പ്രേതാനുഭവം

എന്റെ ചേട്ടന്റെ കൂട്ടുകാരന് സംഭവിച്ച അനുഭവമാണിത്. ഈ കഥ എനിക്ക് ചേട്ടൻ പറഞ്ഞ് തന്നതാണ്. അത് നിങ്ങൾക്കായി ഞാൻ എഴുതുന്നു. ചേട്ടന്റെ കൂട്ടുകാരന് ഒരു സാങ്കൽപ്പിക പേര് നൽകുന്നു. ജോണി ജോണി ഒരു സത്യക്രിസ്ത്യാനിയാണ്. പള്ളിയിൽ കയറാത്ത സത്യക്രിസ്ത്യാനി. പ്രാർത്ഥനയും, പള്ളിയിൽ പോക്കും എല്ലാം വളരെ കുറവാണ് പുള്ളിക്കാരന്. ഒരു ദിവസം ജോണിയും രണ്ടു കൂട്ടുകാരും ബൈക്കിൽ കയറി എവിടെയൊക്കയോ കറങ്ങാൻ പോയി. തിരിച്ചു വരാൻ നേരത്ത് നേരം വൈകിയിരുന്നു. ആൾ താമസം അധികമില്ലെങ്കിലും, ടാറിട്ട റോഡുള്ള ഒരു സ്ഥലം. രാത്രി വളരെ വൈകി പകൽ മുഴുവൻ കറങ്ങിയടിച്ചതിന്റെ ക്ഷീണം മൂവർക്കും തോന്നി. വഴിയരികിൽ കണ്ട ഒരു വെയിറ്റിംഗ് ഷെഡിൽ അവർ അല്പ സമയം വിശ്രമിക്കാൻ തീരുമാനിച്ചു. ബൈക്ക് ഒതുക്കി വെച്ച് അവർ അവിടെ കിടന്നു. എവിടയോ കുറെ പെണ്ണുങ്ങൾ കാര്യം പറയുന്ന ശബ്ദം അവർ കേട്ടിരുന്നു. അതിനോടൊപ്പം തന്നെ എവിടയോ വെള്ളമൊഴുകുന്ന ശബ്ദവും. അവർ അവിടെ കിടന്നപ്പോൾ ഒരാൾ വന്ന് അവരോട് കാര്യങ്ങൾ തിരക്കി. എന്നിട്ട് അയാൾ പറഞ്ഞു. ഇവിടെ കിടക്കുന്നത് അത്ര ശരിയാണോ? അപ്പോൾ അവരു പറഞ്ഞു. കുഴപ്പമില്ല, ഞങ്ങൾ നോക്കികൊള്ളാം. ആ വ്യക്തി പോയ ശേഷം അവർ കിടന്നു. തെല്ലു മയങ്ങി കഴിഞ്ഞപ്പോൾ ജോണിക്ക് രണ്ടിനു പോകാൻ തോന്നി. കൂട്ടുകാരെ വിളിക്കാതെ വെള്ളത്തിന്റെ ശബ്ദം കേൾക്കുന്നിടത്തേക്ക് അവൻ പോയി. അവൻ അവിടെ ഒരു ചെറിയ തോട് കണ്ടു. അപ്പോഴാണ് ഒരു ചെറിയ രൂപം അവൻ ദൂരെ കണ്ടത്. തലയിൽ കൂടി ചാക്കിട്ട് മൂടി കാല് നിലത്ത് തൊടാത്ത ഒരു രൂപം അത് അവന്റെ നേരേ അടുക്കുന്നതുപോലെ തോന്നി. വലിയ ധൈര്യശാലിയായ അവന്റെ ഉള്ളിലും ഭയം നിറഞ്ഞു. അതു മാത്രമല്ല അവന് ശബ്ദമെടുക്കാൻ വയ്യാതായി. അവൻ ഓടി; എത്ര ശ്രമിച്ചിട്ടും ശബ്ദം പുറത്തു വരുന്നില്ല. ആ രൂപം അടുത്തു കൊണ്ടിരിക്കുകയാണ്. കൂട്ടുകാരെ എത്ര വിളിച്ചിട്ടും എഴുന്നേറ്റില്ല. അവൻ ഒടുവിൽ അവരുടെ മണ്ടക്ക് തല വെച്ച് കിടന്ന് പ്രാർത്ഥിച്ചു. ആ രൂപം അവന്റെ അടുത്ത് വന്ന് അവന്റെ പുറത്ത് ഞോണ്ടി. ആ പ്രാർത്ഥനയുടെ ശക്തിയാൽ അത് പുറകോട്ട് പോയി. അത് പോയ ശേഷം ആ കൂട്ടുകാർ ചാടിയെഴുന്നേറ്റു. പെട്ടന്ന് അവന് ശബ്ദം വന്നു. അവൻ അണയ്ക്കുകയായിരുന്നു. അവൻ കാര്യങ്ങളെല്ലാം അവരോട് പറഞ്ഞു. ആ രൂപം ഞോണ്ടിയ പാട് ആ ജോണിയുടെ പുറത്തുള്ളത് ചേട്ടനും കണ്ടതാണ്. ആ സ്ഥലത്ത്

**പുതുമഴ**

മാനം ഇരുണ്ടു മഴത്തുള്ളികൾ ചാറിത്തുടങ്ങി
ഭൂമീദേവിതൻ മാറിൽ ആദ്യ മഴത്തുള്ളികൾ പതിഞ്ഞു.

വേനൽ ചൂടിനാൽ വിണ്ടുകീറിയ മാറിടം
പുതുമഴയേറ്റുകുതിർന്നലിഞ്ഞു.

ആ നനവിൽ നിന്നും മുളനാമ്പുകൾ പൊട്ടി
മാനത്തെനോക്കി പുഞ്ചിരിച്ചു.

ഈ പുതുമഴ ഞങ്ങൾക്കു നൽകിയ വാനമെ
നിങ്ങൾക്കു ഞങ്ങളുടെ നന്ദി....

ശ്രീഹരി ആർ., ക്ലാസ്സ് 5 സി.

ഒരു സ്ത്രീയെ കൊന്ന് തലയിൽ ചാക്കുമൂടി കുഴിച്ചിട്ടതാണ് എന്ന് അവർ പിന്നീടാണ് അറിഞ്ഞത്. ഇതൊരു കെട്ടുകഥയാവാം. ആണെങ്കിലും അല്ലെങ്കിലും പ്രേതം എന്നൊന്നില്ല.

പ്രേതവും, ഭൂതവും എല്ലാം മനുഷ്യ സങ്കൽപ്പം മാത്രമാണ്. മനുഷ്യനെ ഉണർത്തിയിരുതുന്ന ആത്മാവാണ് മരിക്കുമ്പോൾ പോകുന്നത്, അല്ലാതെ പ്രേതമല്ല ആത്മാവ് ഒരു എനർജിയാണ്. ഇവിടെ പറഞ്ഞിരിക്കുന്ന കഥ സത്യമാണെങ്കിൽ അവിടെ ജോണിക്കുണ്ടായത് തോന്നൽ മാത്രമാണ്. ഈശ്വര വിശ്വാസമില്ലാത്ത അവന് ദൈവം നൽകിയ ഒരു ശിക്ഷ. ആ നേരത്ത് ദൈവത്തെ ഓർത്ത് അവന് രക്ഷ ലഭിച്ചു. നന്മയാണ് ഈശ്വരൻ. നന്മകൾ ചെയ്താണ് ഈശ്വരനെ ആരാധിക്കേണ്ടത് ഒരോരുത്തരും വിശ്വസിക്കുന്ന ഈശ്വരനിൽ അടിയുറച്ച് വിശ്വസിക്കുക. ആത്മാക്കൾ ഒരിക്കലും പ്രതികാരം ചെയ്യാൻ വരില്ല. അവർ ചോര കുടിക്കാനും വരില്ല. ശരീരമില്ലാത്ത അവർ ചോര കുടിച്ചിട്ട് എന്ത് പ്രയോജനം! പല നുണകഥകളും കേട്ട് നമ്മൾ നമ്മുടെ മനസ്സിൽ വളർത്തിയെടുക്കുന്ന ഒരു സാങ്കൽപ്പിക ചിത്രം മാത്രമാണ് പ്രേതം.

വിഷ്ണുദേവ്, 10 – എഫ്

**ഓർമ്മക്കുറിപ്പ്**

## പച്ചത്തവളകൾ കരയാത്തത്.....

ഇടമുറിയാതെ പെയ്യുന്ന ഇടവപ്പാതിയുടെ താളത്തിനൊപ്പം പണ്ട് പച്ച തവളകളുടെ കരച്ചിലും കേൾക്കാമായിരുന്നു. മഴയുടെയും പച്ചത്തവളയുടെ കരച്ചിലും കൂടെ ആകുമ്പോൾ പ്രകൃതി ഒരു സംഗീത വിരുന്നു നടത്തുകയാണെന്നു തോന്നിപ്പോവും ഇപ്പോഴത്തെ പച്ചത്തവളകൾ കരയാത്തത് ? ഇടവപ്പാതി വന്നത് അവറ്റകൾ അറിഞ്ഞില്ലെന്നുണ്ടോ?

ഒരു കാലത്ത് പുഞ്ചവയലുകളിലും പറമ്പുകളിലുമെല്ലാം തങ്ങളുടെ സാന്നിദ്ധ്യമറിയിച്ചു കൊണ്ട് പച്ചത്തവളകൾ കരയുമായിരുന്നു. ഇപ്പോൾ ഒന്നിനെപ്പോലും കാണാനില്ല. പച്ചത്തവളകൾ ഇന്ന് വംശനാശത്തിന്റെ പിടിയിലാണ് തങ്ങളുടെ കേന്ദ്രങ്ങളായ വയലുകൾ നിരത്തപ്പെടുന്നതും നെൽപാടങ്ങളിലും കൃഷി സ്ഥലങ്ങളിലും പ്രയോഗിക്കപ്പെടുന്ന കളനാശിനികളുടെ തോത് കൂടിയതും പച്ചത്തവളകളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചു. ഇതു പോലെ എത്ര എത്ര ജീവികൾ എന്നും നാമാവശേഷമാകുന്നു. മഴ പെയ്തു തുടങ്ങുമ്പോൾ ഇപ്പോഴും ഞാൻ പച്ചത്തവളകളുടെ കരച്ചിലിനായി കാതോർക്കാറുണ്ട്.

റിച്ചി ഡാനിയേൽ ഉമ്മൻ, 10 – എഫ്



**SKY**

Bank of Blue
Bell of Thunder
Bright of Stars
Bring of Blossom
Hot of Sun
That,s the heat of heart
Resembles of fume of white
With a presence of light around
Different size at Different time
Some times Hai! Seen as Black
That's the Result of Rain

Rakhi Sekhar
Class VIII E

## റിപ്പബ്ലിക്ക്ദിന ചിന്തകൾ

അടിമത്തത്തിന്റെ ഉരുക്കു ചങ്ങലകൾ ഭേദിച്ചെറിഞ്ഞ് ഭാരതം റിപ്പബ്ലിക്കായി നിലക്കൊണ്ടിട്ട് 59 വർഷമാകുന്ന ഈ മുഹൂർത്തത്തിൽ സ്മരണകളുടെ രഥചക്രത്തിലേറി നമുക്കൊരു യാത്ര പോകാം..... ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ ഭാരതത്തിൽ ഇന്നും അടിയുറച്ചു നിൽക്കുന്ന ആർഷഭാരത സംസ്ക്കാരം ലോക പൈതൃകത്തിനുതന്നെ ഒരു മുതൽക്കൂട്ടാണ്. പ്രഹസനങ്ങളെയെല്ലാം അതിജീവിക്കാൻ ഭാരതത്തിന് ഉണർവേകിയ ആ മഹാശക്തിയും ഈ സംസ്ക്കാരം തന്നെ. ചൈനയെപ്പോലുള്ള പല വിദേശക്തികൾ ആക്രമിച്ചപ്പോഴും അതിനെതിരെ സടകുടഞ്ഞെഴുന്നേൽക്കാൻ ഭാരതത്തെ ഉത്തേജിപ്പിച്ചത് സ്വാമി വിവേകാനന്ദനെപ്പോലുള്ള സന്ന്യാസിശ്രേഷ്ഠന്മാരുടെ നിരന്തരമായ പരിശ്രമങ്ങളുടേയും അഭ്യർത്ഥനയുടേയും ഫലമായാണ് അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഭീകരവാദശക്തികൾ, മതത്തിന്റെയും ജാതിയുടേയും പേരിൽ അട്ടഹാസം മുഴക്കിക്കൊണ്ട് ഭാരതത്തിലങ്ങോളമിങ്ങോളം വിഘടനവാദത്തിന്റെ വിത്തുമുളപ്പിക്കുവാൻ നിതാന്തപരിശ്രമം നടത്തുന്നു. സൈമിറ്റിക് മതങ്ങളുടെ പേരിലും ഇസ്ലാമിക തത്ത്വചിന്തയുടെ പേരിലും ഭാരതത്തെ ശിഥിലമാക്കാൻ ശ്രമിക്കുന്ന ആസൂത്രണത്തിന്റെ ഫലമായി, അനേകം മനുഷ്യൻ ബോംബെ പോലുള്ള നഗരങ്ങളിൽ മരിച്ചുവീഴുമ്പോൾ ഇതിനെതിരെ പ്രതികരിക്കുവാനും ഏകഭാരത രാഷ്ട്രമെന്ന സങ്കൽപ്പം നിലനിർത്തുവാനും ഓരോ ഭാരതീയനും സന്നദ്ധനാകേണ്ടതുണ്ട്.

ജനങ്ങളുടെ ഇച്ഛാശക്തി ഒന്നുകൊണ്ടു മാത്രം സ്വതന്ത്രറിപ്പബ്ളിക്കായി നിലകൊള്ളുന്ന നമ്മുടെ രാഷ്ട്രത്തെ മറ്റ് രാഷ്ട്രങ്ങൾക്ക് മാതൃകയാക്കാൻ ഓരോ ഭാരതീയനും നിരന്തരമായി പരിശ്രമിക്കണമെന്നും ഭാരത മാതാ കീ ജയ് എന്ന മുദ്രാവാക്യം എങ്ങും മുഴങ്ങട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടും മാതൃരാജ്യത്തിനായി രക്തസാക്ഷിത്വം വരിച്ച മഹാന്മാരെ സ്മരിച്ചുകൊണ്ടും ഈ റിപ്പബ്ളിക്ക് ദിനം നമുക്ക് അവിസ്മരണീയമാക്കാം.

ഹരിതാ ബാബു
ക്ലാസ്സ് 10 – എഫ്